MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്
2026 നവംബർ 17

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആരോഗ്യമുള്ള യുവതലമുറ അനിവാര്യം: വൈസ് ചാൻസലർ

കോട്ടയം: ആരോഗ്യമുള്ള യുവതലമുറയാണ് വികസിത ഭാരതമെന്ന ലക്ഷത്തിന് അടിത്തറയെന്നും വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണത്തിന് രാജ്യത്തിന്റെ വികസനത്തിൽ നിർണായക സ്ഥാനമുണ്ടെന്നും മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. ഡി. മാവൂതു അഭിപ്രായപ്പെട്ടു.

പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി ചേർന്ന് സർവകലാശാലയിൽ നടപ്പിലാക്കുന്ന സൗജന്യ മെഡിക്കൽ സേവന പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി വഴി മെഡിസിറ്റിയിലെ വിവിധ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം വിദ്യാർത്ഥികൾക്കും സർവകലാശാലാ ജീവനക്കാർക്കും ആശ്രിതർക്കും ലഭ്യമാകും.

രോഗം വന്നശേഷം ചികിത്സ തേടുന്നതിന് പകരം രോഗപ്രതിരോധത്തിന് മുൻഗണന നൽകുന്ന ആരോഗ്യ സംസ്കാരം വളർത്തിയെടുക്കണം. കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യപരിശോധനകൾ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും സങ്കീർണതകൾ ഒഴിവാക്കുന്നതിനും സഹായിക്കും. ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം ഒരുപോലെ സംരക്ഷിക്കേണ്ടതുണ്ട്. ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യകരമായ ജീവിതശീലങ്ങളും രോഗപ്രതിരോധത്തെ കുറിച്ചുള്ള അവബോധവും അനിവാര്യമാണ്.

ആരോഗ്യസംരക്ഷണത്തിൽ മുൻകൂട്ടിയുള്ള ഇടപെടലുകൾ ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനൊപ്പം ആരോഗ്യകരമായ ജീവിത രീതിക്കും സഹായിക്കും. കഠിനാധ്വാനത്തിലൂടെ സമ്പാദിക്കുന്ന പണം ചികിത്സാച്ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യം ജീവിത ശൈലി നിയന്ത്രിക്കുന്നതിലൂടെ ഒഴിവാക്കാനാകും എന്നും വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.

സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. ഡോ. ബിനു ജോർജ് വർഗീസ് സ്വാഗതം ആശംസിച്ചു. മാർ സ്ലീവാ മെഡിസിറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ഫിനാൻസ് ഓഫീസർ ബിജു മാത്യു എന്നിവർ ആശംസകളർപ്പിച്ചു. സർവകലാശാലാ ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഡോ. ജിക്സൺ കെ. ജോൺ നന്ദി രേഖപ്പെടുത്തി.

ഫോട്ടോ:

1. *സർവകലാശാലയിൽ നടപ്പിലാക്കുന്ന സൗജന്യ മെഡിക്കൽ സേവന പദ്ധതിയുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. ഡോ. ഡി. മാവൂതു നിർവഹിക്കുന്നു.*

പി.ആർ.ഒ/1034/2026

ലീഡ് ഡെവലപ്പർ

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ ഫുൾ സ്റ്റാക്ക് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക (www.mgu.ac.in) ഫോൺ- 0481 2733541
പി.ആർ.ഒ/1035/2026

ശുചീകരണ ജോലിക്ക് അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ താത്കാലിക അടിസ്ഥാനത്തിൽ ശുചീകരണ ജോലി ചെയ്യുന്നതിനായി താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ദിവസം രണ്ട് മണിക്കൂർ ജോലിക്ക് 150 രൂപ ദിവസവേതന അടിസ്ഥാനത്തിൽ മൂന്ന് മാസത്തേക്കാണ് നിയമനം. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം) മുൻപാകെ നവംബർ 30നകം ലഭ്യമാക്കണം

പി.ആർ.ഒ/1036/2026

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2024 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 26 മുതൽ ഡിസംബർ 1വരെ തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

—----------

ഒമ്പതാം സെമസ്റ്റർ എംഎസ്.സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്/ ഡാറ്റാ സയൻസ് (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

—----------

എംഎസ്.സി മെഡിക്കൽ മൈക്രോബയോളജി (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഒക്ടോബർ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/1037/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംഎസ്ഡബ്ലു, എംഎജെഎംസി, എംറ്റിറ്റിഎം, എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2026 അഡ്മിഷൻ റഗുലർ, 2025 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2021-2025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019, 2020 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒന്നാം സെമസ്റ്റർ എംഎൽഐഎസ്.സി 2026 അഡ്മിഷൻ റഗുലർ, 2025 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2021-2025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2026 പരീക്ഷകൾക്ക് ഡിസംബർ 3 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 5 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 7 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/1038/2026

പബ്ലിക് റിലേഷൻസ് ഓഫീസർ